Reg: No. K. 31

തൊഴിലാളി

Fou[illegible]ather Vadakkan : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റാഫീസ്	പോസ്റ്റാഫീസ്
ഒരു കൊല്ലത്തേയ്ക്ക്	27_00	6_0
6 മാസത്തേയ്ക്ക്	13_50	3_0
1 മാസത്തേയ്ക്ക്	2_25	1_50
ഏജന്റുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം	2_10	
ഒറ്റപ്രതി	0_07	0_10

ഫോൺ നമ്പർ.

വർഷം 12 | ലക്കം 14[illegible] | 1965 മേയ് 31 തിങ്കൾ | തൃശൂർ | വില 4 പൈസ | പേജ് 2

മാവോ രോഗശയ്യയിൽ?

(എ എഫ് പി) മോസ്കോ, മെ: 29

ചൈനീസ് കമ്മ്യൂ: പാർട്ടി ചെയർമാനായ മാവോ സേതുങ്ങിനു് ഗുരുതരമായ സുഖക്കേടു് ബാധിച്ചിട്ടുള്ളതായി ഇവിടത്തെ നയതന്ത്രവൃത്തങ്ങളിൽ ഊഹാപോഹങ്ങളുണ്ടു്. പരന്നിരിക്കുന്നു.

ഈ വാർത്തയ്ക്കു് പിൻബലം നിന്നും ഔദ്യോഗിക സ്ഥിരീകരണം ലഭിച്ചിട്ടില്ല.

പാക് വെടിവെപ്പ് ശ്രുക്ഷമാവുന്നു

ലതിതില്ല — ദുമാബാരി, ബെലോണിയാ, ആസ്സാം—കി. പാക്കിസ്ഥാൻ അതിർത്തിയുടെ തെക്കൻ മേഖല എന്നിവിടങ്ങളിൽ

(പി. ടി. ഐ.) ഷില്ലോങ്ങ്, മേയ് 30

ആസ്സാം—കിഴക്കൻ പാകിസ്ഥാൻ അതിർത്തിയുടെ തെക്കൻമേഖലയിലെ രണ്ടു പ്രദേശങ്ങളിൽ പാക്സേന വെടിവെപ്പ് ശ്രുക്ഷതരമാക്കിയിട്ടുള്ളതായി ഒരു ഔദ്യോഗികവക്താവു് ഇന്നു പ്രസ്താവിച്ചു.

ഇന്നലെ അവർ ലതിതില്ലാ—ദുമാബാരി, ബെലോണിയാ എന്നീ പ്രദേശങ്ങളിൽ കനത്ത വെടിവെപ്പ് നടത്തുകയുണ്ടായി.

മൊർട്ടാർ, ഗ്രനേഡ്, മെഷീൻ തോക്ക് എന്നിവ ഉപയോഗിച്ചു് ലതിതില്ലാ—ദുമാബാരി പ്രദേശത്തു് പാക് സേന ഇന്നലെരാത്രി മൂന്നുമണിക്കൂർ നേരം രണ്ടായിരം റൗണ്ടു് വെടിവയ്ക്കുകയുണ്ടായി.

ഇന്ത്യൻസേന സ്വയരക്ഷാർത്ഥം തിരിച്ചുവെടിവെച്ചു.

ത്രിപുരാ—കി. പാകിസ്ഥാൻ അതിർത്തിയിലുള്ള ബെലോണിയാപ്രദേശത്തു പാക്സേന ഇന്നലെരാത്രി അയ്യായിരം റൗണ്ടു് വെടിവെച്ചു.

ജീവനാശമുണ്ടായിട്ടുണ്ടെങ്കിൽത്തന്നെ അതിന്റെ കണക്കു ലഭിച്ചിട്ടില്ല. തങ്ങളുടെ മുറിവേറ്റ ഒരുഭടനെ പാക്കിസ്ഥാനികൾ എടുത്തുകൊണ്ടുപോകുന്നതായി കണ്ടു.

ത്രിപുരാ പ്രദേശം പൊതുവെ ശാന്തമാണെങ്കിലും കിടയ്ക്കു് കഴിക്കുക, ബങ്കറുകൾ നിർമ്മിക്കുക തുടങ്ങിയ അക്രമനടപടികൾ പാകിസ്ഥാൻ അവിടെ തുടരുകയാണു്.

കമ്മീഷണറെ തടഞ്ഞു

സിന്ധുനദീജലം സംബന്ധിച്ച ഇന്ത്യൻ കമ്മീഷണറെ ലാഹോറിലേയ്ക്കു പോകുന്നതിനു് യാത്രചെയ്യാൻ വിസമ്മതിച്ച പാക് ഗവണ്മെണ്ടിന്റെ നടപടിയിൽ ഇന്ത്യാഗവണ്മെന്റു് പ്രതിഷേധിച്ചിരിക്കുന്നു.

കറാച്ചിയിൽ നടക്കുന്ന സിന്ധുജലക്കമ്മീഷന്റെ യോഗത്തിൽ പങ്കെടുക്കാൻ ലാഹോറിലെ റോഡുമാർഗ്ഗം യാത്രചെയ്യാൻ വിസമ്മതിച്ച പാക് ഗവണ്മെണ്ടിന്റെ നടപടിയിൽ ഇന്ത്യാഗവണ്മെന്റു് പ്രതിഷേധിച്ചിരിക്കുന്നു.

കറാച്ചിയിൽ നടക്കുന്ന സിന്ധുജലക്കമ്മീഷന്റെ യോഗത്തിൽ പങ്കെടുക്കാൻ ലാഹോറിലെ റോഡുമാർഗ്ഗം യാത്രചെയ്യാൻ വിസമ്മതിച്ച പാക് ഗവണ്മെണ്ടിന്റെ നടപടിയിൽ ഇന്ത്യാഗവണ്മെന്റു് പ്രതിഷേധിച്ചിരിക്കുന്നു.

തനി ആക്രമണം

കച്ചിൽ നടന്ന സംഭവം തനി ആക്രമണമാണെന്നു് പിന്നീടു് അവിടെനിന്നു് തിരിയേയ്ക്കു് വിമാനമാർഗ്ഗം പോയിരുന്ന അദ്ദേഹത്തിന്റെ പത്രസമ്മേളനത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

കച്ചിൽ നടന്ന സംഭവം സംബന്ധിച്ചു് കടിഗുഡ്ഡവരത്തുന്ന രാഷ്ട്രങ്ങളുടെ വോട്ടവകാശം നഷ്ടപ്പെട്ടേം. കോങ്കോയിലെ ഐക്യരാഷ്ട്രസേനയുടെ ചിലവിലേയ്ക്കു സംഭാവന നല്കാൻ സോവിയറ്റ്യൂണിയനും ഫ്രാൻസും കൂട്ടാക്കുന്നതിനെപ്പറ്റിയും പ്രധാനമന്ത്രി പ്രതികരിച്ചു.

....

ഭീഷണികളുടെ പണംതരാം

(എഫ് പി) പാരീസ്, മേ. 29

[illegible] കൊടുത്തുതീർത്തില്ലെങ്കിൽ [illegible]മെന്നുള്ള ഭീഷണി നീക്കുന്നതിനുവേണ്ടി ഐക്യരാഷ്ട്രസംഘടനയ്ക്കു് [illegible]യാ സംഭാവന നൽകാൻ നാറ്റോയുടെ യൂറോപ്യൻരാജ്യങ്ങളിലെ സർക്കാരുകൾ തീരുമാനിച്ചു. [illegible]ണന്നു് ഘാനാക്കോരനായ യു. താന്റ് അന്ധംബ്ലി പ്രസിഡണ്ടു് കൈലാസൺ സാക്കി ഇവിടെ പ്രഖ്യാപിച്ചു.

ഐക്യരാഷ്ട്രസഭയുടെ ഫണ്ടുപിരിവിജയിപ്പിക്കുന്നതു സംബന്ധിച്ചു് ഫ്രാൻസുമായി കർശ്ശനമായ നിലപാടു സ്വീകരിക്കുന്നതിനു് ചേരിചേരാരാഷ്ട്രങ്ങളുടെ പ്രതിനിധികൾ കൈറോയിൽ നടത്തിയശേഷം ന്യൂയോർക്കിലേയ്ക്കു മടങ്ങുന്ന അവസരത്തിൽ [illegible] സാക്കി ഇപ്രകാരം പ്രസ്താവിച്ചു.

[illegible]മേനിയാ, ഹങ്കറി, പോളണ്ടു്, ചെക്കോസ്ലോവാക്യ എന്നീ രാഷ്ട്രങ്ങളിൽ ഫ്രാൻസുമായി നടത്തിയ അനുരഞ്ജനത്തിനു് ഐക്യരാഷ്ട്രസംഘടനയുടെ സാമ്പത്തികപ്രശ്നങ്ങളെപ്പറ്റിയാണു് താൻ പ്രധാനമായും സംസാരിച്ചതെന്നു് സാക്കി പറഞ്ഞു. ഡെഗോളിന്റെ 'ഫാസിസിനെതിരെ സംഭാവന നൽകാൻ വാഗ്ദാനം' നീക്കപ്പെടുന്നപക്ഷം സഹായിക്കാൻ സംഭാവന നൽകാൻ അവർ തയ്യാറാണു്.

(ഐക്യരാഷ്ട്രസഭയുടെ ചാർട്ടറനുസരിച്ചു് കടിഗുഡ്ഡവരത്തുന്ന രാഷ്ട്രങ്ങളുടെ വോട്ടവകാശം നഷ്ടപ്പെടും. കോങ്കോയിലെ ഐക്യരാഷ്ട്രസേനയുടെ ചിലവിലേയ്ക്കു സംഭാവന നല്കാൻ സോവിയറ്റ്യൂണിയനും ഫ്രാൻസും കൂട്ടാക്കുന്നതിനെപ്പറ്റിയും പ്രധാനമന്ത്രി പ്രതികരിച്ചു. ചേരിചേരാരാഷ്ട്രങ്ങളും വിസമ്മതിച്ചിരിക്കയാണു്.

....

ഉപരാഷ്ട്രപതിക്കു് ആസ്സാമിൽ ഉജ്ജ്വല സ്വീകരണം

(റോയിട്ടർ) ഷില്ലോങ്, മേ 29

മൂന്നാഴ്ചത്തെ ഔദ്യോഗിക സന്ദർശനാർത്ഥം ഇവിടെ എത്തിച്ചേർന്ന ഇൻഡ്യൻ ഉപരാഷ്ട്രപതി ഡോ. സക്കീർഹുസൈനു് അത്യുജ്ജ്വലമായ ഒരു സ്വീകരണമാണു് ലഭിച്ചതു്. ഗവൈനർ രാജാവിനെ ക്ഷണനമനസരിച്ചാണു് അദ്ദേഹം ഷില്ലോങ്ങിടെ എത്തിയതു്.

സ്വീകരണത്തിലെങ്ങും ഇന്ത്യയുടേയും ജോർജ്ജ് ബാർണറും പതാകകളാൽ അലംകൃതമായിരുന്നു. വിമാനത്താവളങ്ങളിൽ നിന്നു് ഷില്ലോങ്ങിലേയ്ക്കുള്ള യാത്രാവേളയിൽ വഴിയരുകിൽ തടിച്ചുകൂടിയിരുന്ന ജനങ്ങളുടെ ഹർഷാരവങ്ങൾക്കിടയിൽ ഉപരാഷ്ട്രപതിയുടെ കാർ നീങ്ങി.

ആസ്സാമിലേയ്ക്കുള്ള ഡോ: ഹുസൈനിന്റെ വിമാനത്തിനു് 2_ജോർട്ടാനിയൻ സൈനികവിമാനങ്ങളും അകമ്പടി സേവിച്ചു. വിമാനത്താവളത്തിലിറങ്ങുമ്പോൾ 21_ആചാരവെടികളും മുഴങ്ങി. രാജവിനെ പ്രതിനിധീകരിച്ചു് അദ്ദേഹത്തിന്റെ മന്ത്രിസഭയുടെ തലവനായ ഷില്ലോങ്ങിലെ ബിൻനസ്റ്റീർ ഉപരാഷ്ട്രപതിയെ സ്വീകരിച്ചു.

....

കരസേനാമേധാവി കാശ്മീരിൽ

[പി. ടി. ഐ.] ശ്രീനഗർ മേ. 29

ഇവിടെ എത്തിയിരിക്കുന്ന ഇന്ത്യൻ കരസേനാ മേധാവി ജനറൽ ജെ. എൻ. ചൌധുരി, കാശ്മീർ അഭ്യന്തരമന്ത്രി മി. ഡി. പി. ധറിനെകണ്ടു് സംഭാഷണം നടത്തിയിരിക്കുന്നു.

നേരത്തെ, അദ്ദേഹം മുഖ്യമന്ത്രി സാദിക്കിനേയും സന്ദർശിക്കുകയുണ്ടായി.

....

ഉ. വിയറ്റ്നാമിൽ വിയറ്റ്കോങ്ങുകൾ മുന്നേറുന്നു

തന്ത്രപ്രധാനമായ പാലങ്ങൾ തകർത്തു

[റോയിട്ടർ] ദനാങ്ങ് [ദ. വിയറ്റ്നാം] മേയ് 30

ദ. വിയറ്റ്നാമിലെ വടക്കൻ പ്രോവിൻസുകളിലുള്ള തന്ത്രപ്രധാനമായ ചില പാലങ്ങളുടെ നേരെ കമ്മ്യൂ: വിയറ്റ്കോങ്ങ് ഒളിപ്പോരുകാർ ഇന്നു് വീണ്ടും അക്രമണം അഴിച്ചുവിടുകയുണ്ടായി.

ദനാങ്ങിനു് ഏകദേശം 25 മൈൽ തെക്കുള്ള രണ്ടു പാലങ്ങളുടെ നേരെ ഇന്നു് ശക്തിയായ അക്രമണം നടന്നതായി ഇവിടെ റിപ്പോർട്ടു് ലഭിച്ചിട്ടുണ്ടു്. കഴിഞ്ഞ ആഴ്ചയിലും ഇതേ പാലങ്ങൾ അവർ അക്രമിക്കുകയുണ്ടായി.

ദനാങ്ങിനു് 40 മൈൽ തെക്കുള്ള മറ്റൊരു പാലം അവർ നിശ്ശേഷം തകർത്തു.

ദക്ഷിണ വിയറ്റ്നാമിന്റെ വടക്കൻ ഭാഗങ്ങളിൽ ഇക്കഴിഞ്ഞ ഏതാനും ദിവസങ്ങളായി മഴ പെയ്യുന്നുണ്ടു്. മേഘങ്ങളും വളരെ താഴെയായി കാണാം. ഇവ രണ്ടും ഒളിപ്പോരുകാർക്കു് ഗുണകരമായി വേഷിച്ചിട്ടുണ്ടെന്നു് ഒരു അമേരിക്കൻ വക്താവു പറഞ്ഞു. യാതൊരു മുന്നറിയിപ്പും കൂടാതെ ഒറ്റപ്പെട്ടുകിടക്കുന്ന ഗവ. താവളങ്ങളുടെ നേരെ അവർ അക്രമണം അടിച്ചുവിടുകയാണു്.

ഒരു പ്രവിശ്യാ തലസ്ഥാനമായ താംകിപട്ടണത്തിനു് 5 മൈൽ വടക്കുള്ള ഒരു പാലവും ഒളിപ്പോരുകാർ നശിപ്പിച്ചതായി വക്താവു് പറഞ്ഞു.

വിയറ്റ്കോങ്ങുകാർ ഇന്നലെ 12 തവണയും വെള്ളിയാഴ്ച ഏഴു തവണയും അക്രമണം നടത്തുകയുണ്ടായി. ഇന്നത്തെ അക്രമണത്തെത്തുടർന്നു്, ഒളിപ്പോരാളീകരണത്തിനെതിരായി ഒരു വമ്പിച്ചപോരാട്ടത്തിനു് ഒരുങ്ങിയിരുന്നകൊള്ളാൻ ദ. വിയറ്റ്നാമിന്റെ വടക്കൻ പ്രവിശ്യകളിൽ താവളമടിച്ചിട്ടുള്ള സൈനികകമാണ്ടർമാർക്കു് ദ. വിയറ്റ്നാം ഗവണ്മെണ്ടു് ഉത്തരവു് നൽകിയിട്ടുണ്ടു്.

സായ്ഗോണിനു 300മൈൽ വടക്കു കിഴക്കുള്ള ബാഗിയായിൽ ഇന്നലെ ഒളിപ്പോരാളികൾ ആരംഭിച്ച ആക്രമണം ഇന്നും തുടർന്നുവരുന്നതായി റിപ്പോർട്ടുണ്ടു്. അവർ ഒരു ബാറാലിയനോളംവരും. വിയറ്റകോങ്ങും ആക്രമണത്തിന്റെ വ്യക്തമായ ഒരു ചിത്രംലഭിക്കൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വമ്പിച്ച ജീവനാശമുണ്ടായതായി കണക്കാക്കപ്പെടുന്നു. ഒളിപ്പോരാളികളുടെ നേരേ വ്യോമാക്രമണം നടത്താൻ അമേരിക്കൻ ജറഫ് വിമാനങ്ങൾക്കു് ഉത്തരവ്ലഭിച്ചിട്ടുണ്ടെങ്കിലും താഴ്ന്ന മേഘങ്ങൾമൂലം, അവയുടെ പ്രവർത്തനം തടയപ്പെട്ടിരിക്കയാണു്.

നാലുവർഷത്തെ പ്രവർത്തന റിപ്പോർട്ടു്

1961 മുതലുള്ള നാലു വർഷങ്ങളിൽ വിയറ്റ്കോങ്ങ് സേന അമേരിക്കയുടേയും ദക്ഷിണ വിയറ്റ്നാമിന്റേയും വക 2100 വിമാനങ്ങളും വെടിവെച്ചു വീഴ്ത്തുകയും 550,000 പട്ടാളക്കാരെ "പ്രവർത്തനരഹിതരാക്കുക"യും ചെയ്തുവെന്നും ഹനോയിയിൽ പ്രസിദ്ധീകരിക്കുന്ന 'നാൻഡാൻ' എന്ന പത്രപ്രസ്താവം അവകാശപ്പെടുന്നു.

കൂടാതെ, ഇതേ കാലഘട്ടത്തിൽ 1000 നാവികക്കപ്പലുകളും മോട്ടോർ ബോട്ടുകളും അവർ മുക്കുകയുണ്ടായതായും, 2300 റെയിൽ റോഡും കൺവോയ്കളും വിയറ്റ്കോങ്ങ്സേന തകർക്കുകയുണ്ടായി.

തന്ത്രപ്രധാനമായ 27000 ദ. വിയറ്റ്നാം ഗ്രാമങ്ങളും അവർ ലിബറേറ്റു ചെയ്തു. മൊത്തം 100 ലക്ഷം ജനങ്ങളും വാക്കുന്ന അഞ്ചു ദ. വിയറ്റ്നാം പ്രദേശങ്ങളും വിയറ്റകോങ്ങുകളുടെ കൈവശപ്പെട്ടുത്തുകയുംചെയ്തു.

....

കൊച്ചി—ബോംബെ ലൈനിൽ സ്പെഷൽ ടെയിൻ

(പി ടി ഐ) ബോംബെ മേ. 30

കൊച്ചിൻ ഹാർബർ — ബോംബെ ലൈനിൽ ജൂൺമാസത്തിൽ ഹോളിഡെ സ്പെഷൽതീവണ്ടികളും ഓടിക്കുന്നതാണെന്നു് റെയിൽവെയുടെ ഒരു വിജ്ഞാപനത്തിൽ പറയുന്നു. ബോംബെയിൽ നിന്നു് ജൂൺ 11, 19, 26 എന്നീ തീയതികളിലാണു് കൊച്ചിയിലേക്കുള്ള പ്രത്യേക വണ്ടികൾ പുറപ്പെടുക. ഉച്ചയ്ക്കശേഷം 3_55നു് പുറപ്പെടുന്ന വണ്ടി മൂന്നാംദിവസം 6_50നു് കൊച്ചിയിലെത്തും. ഈ വണ്ടികളോടു് പൂനയിൽനിന്നുള്ള ഒരു മൂന്നാംക്ലാസ് കമ്പാർട്ടുമെൻറുകൂടി ഘടിപ്പിക്കും.

ജൂൺ 8, 15, 22, 29 എന്നീ തീയതികളിലായി കൊച്ചിയിൽ നിന്നുള്ള പ്രത്യേക വണ്ടികളും ബോംബെയിലേക്കു പുറപ്പെടും. ഉച്ചതിരിഞ്ഞു് 4 മണിക്കു് പുറപ്പെടുന്ന ഈ വണ്ടികളും ബോംബെയിൽ 3_ാംദിവസം വൈകുന്നേരം 5മണിക്കു് എത്തിച്ചേരും.

ഈ വണ്ടികളിൽ സ്ളീപ്പർ കോച്ചുകളുൾപ്പെടെ 1_ഉം 3_ഉം ക്ലാസുകളും ഉണ്ടായിരിക്കുന്നതാണു്.

....

മൂന്നു് ഇന്ത്യൻ വനിതകൾക്കു് സ്കോളർഷിപ്പുകൾ

ഉന്നതപഠനത്തിനു് അമേരിക്ക നൽകുന്നു

വാഷിംഗ്ടൺ, മെ 30

മദിരാശിയിലെ ഒരു കോളേജു് പ്രിൻസിപ്പൽ ഉൾപ്പെടെ ഇന്ത്യയിൽനിന്നുള്ള മൂന്നു് സ്ത്രീകൾക്കു് 1965_66 ൽ അമേരിക്കൻ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പുകൾ നൽകപ്പെട്ടിരിക്കുന്നു. ഈ സ്കോളർഷിപ്പുകൾ ആകെ 40 വിദേശവനിതകൾക്കു് ലഭിച്ചിട്ടുണ്ടു്.

മദിരാശിയിലെ എസ്സ്. ഐ. ഈ. റ്റി. വിമൻസ് കോളേജ് പ്രിൻസിപ്പൽ മിസ്സ് മേരി എം. പോത്തൻ (കേരളം) സാമൂഹ്യശാസ്ത്രങ്ങളിൽ പി. എച്ചു് ഡി. ബിരുദമെടുക്കുന്നതിനുള്ള സ്കോളർഷിപ്പാണു് നൽകിയിരിക്കുന്നതു്. ബനാറസ് ഹിന്ദുസർവ്വകലാശാലയിലെ സുവോളജി റീഡർ ഡോ. കമലവേണി ചന്ദ്രശേഖർ (ഹൈദ്രബാദ്), ഒരു ബയോകെമിസ്റ്റായ ഡോ. സില്പവാച്ച (പൂനാ) എന്നിവരാണു് ഈ സ്കോളർഷിപ്പ് ലഭിച്ച മറ്റു രണ്ടു് ഇന്ത്യൻവനിതകളും.

അമേരിക്കൻ യൂണിവേഴ്സിറ്റി വിമൻസ് അസോസ്യേഷൻ ആണു് ഈ സ്കോളർഷിപ്പുകൾ നൽകുന്നതു്. എല്ലാ വർഷവും ടൂഷൻ ഫീസും ഫെലോഷിപ്പ് ലഭിച്ച 40 പേരിൽ 33 പേരുടെ വ്യക്തിപരമായുള്ള ചെലവുകളും മസ്സൊലവുകളും അസോസ്യേഷൻ വഹിക്കുന്നതാണു്.

....

സാറൊവിനു് ശാസ്ത്രിയുടെ സന്ദേശം

[പി ടി ഐ] ന്യൂഡൽഹി, മേ 29

ടോക്യോവിലേക്കു പുറപ്പെട്ട ഇന്ത്യൻ വിദേശകാര്യവകുപ്പിലെ ഡെപ്യൂട്ടി സിക്രട്ടറി മി. ദിനേശ്സിംഗ്, ജപ്പാനീസ് പ്രധാനമന്ത്രി മി. സാറൊവിനുള്ള പ്രധാനമന്ത്രി ശാസ്ത്രിയുടെ ഒരു സന്ദേശം കൊണ്ടുപോയിരിക്കുന്നു.

ജപ്പാൻ സന്ദർശിക്കുന്നതിന്നായി മി. സാറൊ അയച്ച ക്ഷണത്തിന്നു് സന്ദേശത്തിൽ മി. ശാസ്ത്രി നന്ദി പ്രകാശിപ്പിച്ചിട്ടുള്ളതായി അറിയുന്നു.

മി. ശാസ്ത്രി, ന്യൂഡൽഹി സന്ദർശിക്കുന്നതിന്നു് ജപ്പാനീസ് പ്രധാനമന്ത്രിയേയും സന്ദേശത്തിൽ ക്ഷണിച്ചിട്ടുണ്ടു്.

....

217 പേർ മൃതിയടഞ്ഞു

(പി ടി ഐ) ഗോഹാട്ടി, മേ. 30

ആസ്സാമിലെ കാമരൂപ് ജില്ലയിൽ "ഗാസ്ട്രോ—എൻറൈറിറ്റിസ്" എന്ന രോഗംമൂലം ഇതുവരെ 217 പേർ മൃതിയടഞ്ഞിട്ടുണ്ടെന്നു് ആസ്സാം മുഖ്യമന്ത്രി ബി. പി. ചാലിഹാ ഇന്നലെ പ്രസ്താവിച്ചിരിക്കുന്നു. കഴുത്ത ആക്രമണമുണ്ടായിരുന്ന ഭാഗങ്ങളിൽ രോഗം നിയന്ത്രണവിധേയമായിട്ടുണ്ടെങ്കിലും ഇപ്പോഴും അതു് മറ്റു ചില ഭാഗങ്ങളിലേയ്ക്കു് വ്യാപിച്ചിട്ടുണ്ടെന്നു് അദ്ദേഹം പത്രലേഖകരോടു് പറഞ്ഞു.

....

പരിഷത് വാർഷികോത്സവങ്ങൾ വിജയകരമായി സമാപിച്ചു

[സ്വ ലേ] ഇരിഞ്ഞാലക്കുട, മെ 30

സമസ്തകേരള സാഹിത്യപരിഷത്തിന്റെ 29-മതു് വാർഷികസമ്മേളനത്തോടനുബന്ധിച്ചു് ഇരിഞ്ഞാലക്കുട ഉണ്ണായിനഗറിൽ ഇക്കഴിഞ്ഞ മൂന്നു ദിവസങ്ങളായി നടന്നുവന്നിരുന്ന വിവിധ ചടങ്ങുകൾ ഇന്നു് തികച്ചും വിജയകരമായി സമാപിച്ചിരിക്കുന്നു.

രാവിലെ 10 മണിക്കാരംഭിച്ച കാവ്യമേള ശ്രീ പാലാനാരായണൻനായർ ഉൽഘാടനം ചെയ്തു. റവ: സിസ്റ്റർ മേരി ബെനീഞ്ച സി. ഡി. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

കവിതയുടെ വിവിധ വശങ്ങളെപ്പറ്റി സിസ്റ്റർ ബെനീഞ്ച തൻറെ അദ്ധ്യക്ഷപ്രസംഗത്തിൽ ദീർഘമായി പരാമർശിച്ചു. അനുഭവിച്ചറിയേണ്ടതാണു് കവിതയെന്ന ടോപോസ്സായിയുടെ ആശയത്തെ അവർ ഉയർത്തിപ്പിടിച്ചു. തൻറെ വ്യക്തിപരമായ അനുഭവങ്ങളേയും പാശ്ചാത്യനും പൌരസ്ത്യനുമായ സാഹിത്യമീമാംസകരുടെ അഭിപ്രായങ്ങളേയും വെളിച്ചത്തിൽ കാവ്യതത്വത്തിന്റെ ഭിന്നമുഖങ്ങളെ അവർ വിശകലനം ചെയ്തു.

ശ്രീ അക്കിത്തം അച്യുതൻ നമ്പൂതിരിപ്പാടു്, ശ്രീമതി മുതുകുളം പാർവ്വതിയമ്മ എന്നിവർ പ്രസംഗിച്ചു.

ശ്രീമതി നളിനകുമാരി, ശ്രീമതി സാഹിത്യസദനം പൊന്നമ്മ, മെ. എൻ. ജെ. ഫ്രാൻസ്സീസ്, സി. കുട്ടൻനായർ, മുടാടി ദാമോദരൻ, പയ്യന്നൂർ ബാലകൃഷ്ണൻ, എ. കെ ഗംഗാധരൻ, വി. കമലാകരമേനോൻ, മാത്യു ഇടമറ്റം, ജെ. പി. അപ്പുള്ളൂർ എന്നിവർ മാത്രം കവിതവായിച്ചു.

ശ്രീ നാഗ്യത്ത വീട്ടിൽ നാരായണമേനോൻ യോഗത്തിനു് സ്വാഗതമാശംസിച്ചു. ശ്രീമതി റോസ് വില്യംസ് കൃതജ്ഞതപറഞ്ഞു.

ശാസ്ത്രസാഹിത്യം

ഉച്ചതിരിഞ്ഞു് രണ്ടരമണി മുതൽ ശാസ്ത്രസാഹിത്യസമ്മേളനം നടന്നു. ശ്രീ. പി. ടി. ഭാസ്കരപ്പണിക്കർ അദ്ധ്യക്ഷത വഹിച്ചു. എം. കെ. കെ. നായർ സമ്മേളനം ഉൽഘാടനം ചെയ്തു.

ശാസ്ത്രത്തിന്റെ വിവിധ ശാഖകളെപ്പറ്റി കോന്നിയൂർ സുരേന്ദ്രനാഥ് സംഭാഷണരൂപേണ പ്രസംഗിച്ചു.

പിന്നീടു് പ്രസംഗിച്ച എം. വാസുദേവൻ മലയാളസാഹിത്യത്തിൽ ശാസ്ത്രഗ്രന്ഥങ്ങൾ മുതലായി പ്രസിദ്ധപ്പെടുത്താൻ പ്രസാധകന്മാരോടഭ്യർത്ഥിച്ചു. 'അറിവ് ശക്തിയാണു്' എന്ന മെക്കാനിക്കൽ വാചകം ഉദ്ധരിച്ചുകൊണ്ടു് ശാസ്ത്രമേഖലയിലുണ്ടായിട്ടുള്ള പുതിയ അറിവുകൾ മുഴുവനും സാഹിത്യകാരന്മാർ ഒപ്പിയെടുക്കണമെന്നും അങ്ങനെ ശാസ്ത്രസംസ്കാരം ഉൽക്കൊണ്ടുകൊണ്ടു് സാഹിത്യകാരന്മാർ എഴുതണമെന്നും അദ്ദേഹം ഉന്നിപ്പറഞ്ഞു.

സാഹിത്യപോഷണമാർഗ്ഗങ്ങൾ

ഉച്ചതിരിഞ്ഞു് അഞ്ചരമണി മുതൽ 8 മണിവരെ പ്രസാധനപോഷണമാർഗ്ഗങ്ങളെപ്പറ്റിയുള്ള സമ്മേളനം പ്രൊഫസർ സെയ്തുമുഹമ്മദിൻഷായുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ഡി. സി. കിഴക്കേമുറി സമ്മേളനം ഉൽഘാടനംചെയ്തു.

ശാസ്ത്രസാഹിത്യം പ്രസിദ്ധപ്പെടുത്താൻ പ്രസാധകന്മാർ തയ്യാറായാലും അതിനോടു സഹകരിക്കാൻ വായനക്കാർ തയ്യാറില്ല എന്ന നിലയാണു് നിലനിൽക്കുന്നതെന്നു് കിഴക്കേമുറി പ്രസ്താവിച്ചു. കൂടാതെ, സർക്കാർ ഈ ദിശയിലുള്ള സാഹിത്യസംരംഭങ്ങൾക്കു് ആവശ്യമായ സാമ്പത്തികസഹായം ചെയ്തുകൊടുക്കുന്നതിനെപ്പറ്റിയും അദ്ദേഹം പ്രസ്താവിച്ചു.

സമ്മേളനത്തിൽ സുകുമാരൻ പൊറേക്കാട്ടു്, ശ്രീമതി ആനി തയ്യിൽ എന്നിവരും പ്രസംഗിച്ചു.

കെ. സി. എൽ. വർഗ്ഗീസ് സ്വാഗതവും ടി. ടി. ജോൺ കൃതജ്ഞതയും പറഞ്ഞു.

സമാപനസമ്മേളനം

പിന്നീടു്, പരിഷത് ഓഫീസ് പ്രസിഡണ്ടു് ഡി. കുട്ടൻനായരുടെ അദ്ധ്യക്ഷതയിൽ സമാപനസമ്മേളനം ചേർന്നു. ശ്രീ ടോം ജോസ് സ്വാഗതം പറഞ്ഞു. പരിഷത് വാർഷികത്തോടനുബന്ധിച്ചു നടത്തപ്പെട്ട സാഹിത്യമത്സരങ്ങളുടെ ഫലങ്ങൾ ശ്രീ എം. കെ. ജോസഫ് നെടുങ്ങാടൻ ഒരു വിശദീകരണം നൽകി.

സാഹിത്യപരിഷത്തിന്റെ 29_ാം വാർഷികസമ്മേളനം ഒരു വിജയമാക്കിത്തീർത്ത സാഹിത്യകാരന്മാർക്കും മറ്റു ഹിതൈഷികൾക്കും ഇരിഞ്ഞാലക്കുടയിലെ ജനങ്ങൾക്കും പൊതുവായിട്ടും നന്ദി പ്രകടിപ്പിച്ചുകൊണ്ടു് സംഘാടകസമിതി ജോയിൻറ് കൺവീനർ ശ്രീ എ. പി. ജോർജ്, പരിഷത്തു് കാര്യദർശി ശ്രീമതി പി. പി. വിശ്വംഭരൻ എന്നിവർ പ്രസംഗിച്ചു.

സെൻറ് ജോസഫ്സ് കോളേജ് വിദ്യാർത്ഥിനികളുടെ ദേശീയഗാനാലാപനത്തോടുകൂടി സമ്മേളനം വിജയകരമായി സമാപിച്ചു.

....

ഏവറസ്റ്റാരോഹണം

ഇന്ത്യയുടെ റിക്കാർഡ് ഭേദിച്ച വിജയം

ഓരോ ഇന്ത്യക്കാരനും അഭിമാനം കൊള്ളാമെന്നു് രാഷ്ട്രപതി

(പി. ടി. ഐ) ന്യൂഡൽഹി, മെയ് 29

29028 അടി ഉയരമുള്ള എവറസ്റ്റ് കൊടുമുടി ഇന്നലെ നാലാം തവണയും കയറി ഇന്ത്യൻ പർവ്വതാരോഹക സംഘം 1963_ൽ അമേരിക്ക സ്ഥാപിച്ച റെക്കാർഡ് ഭേദിച്ചിരിക്കുന്നു.

ഓരോ ഇന്ത്യക്കാരനും അഭിമാനം കൊള്ളാവുന്ന ഒരു വമ്പിച്ച നേട്ടമാണിതെന്നു് രാഷ്ട്രപതി രാധാകൃഷ്ണൻ പറഞ്ഞു. ഈ യാത്രയ്ക്കിടയിൽ ആകെ 11 പേർ കൊടുമുടി കയറിയെന്നതു് അവരുടെ വ്യക്തിസാമർത്ഥ്യത്തെയാണു് വിളിച്ചറിയിക്കുന്നതു്. ധീരോദാത്തതയും സ്ഥിരോത്സാഹവും കൂട്ടായ പ്രവർത്തനവുമില്ലായിരുന്നുവെങ്കിൽ ഇതു വമ്പിച്ച ഒരു നേട്ടം കൈവരുത്തുവാൻ കഴിയുമായിരുന്നില്ല.

റിക്കാർഡ് ഭേദിച്ച ഈ വിജയം പവ്വതാരോഹണ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തിരിക്കുന്നുവെന്നു് പ്രധാനമന്ത്രി ശാസ്ത്രി പറഞ്ഞു. കാപ്റ്റൻ എച്ചു്. എസ്. അഹ്ലുവാലിയ, എച്ചു്. സി. എസ്. റാവത്, എം. ഡോർജ്ജി എന്നീ മൂന്നു പേരാണു് സംഘത്തിലുണ്ടായിരുന്നതു്. ഇവർ മെയ് 20, 22, 24 എന്നീ ദിവസങ്ങളിൽ കൊടുമുടി കയറിയിരുന്നു.

ഇതിനു മുമ്പു്, ബ്രിട്ടീഷ് സംഘം ഒരു തവണയും സ്വിസ്സ്സംഘം രണ്ടു തവണയും അമേരിക്കൻ സംഘം മൂന്നു തവണയും എവറസ്റ്റ് കയറിയിട്ടുണ്ടു്.

....

120 മൃതദേഹങ്ങൾ കണ്ടെടുത്തു

(പി ടി ഐ) ധൻബാദ്, മേ. 30

ധോറിഞനിയപകടത്തിൽപെട്ടു് മരിച്ച 120 തൊഴിലാളികളുടെ മൃതദേഹങ്ങൾ ഇന്നു വൈകുന്നേരം വരെ കണ്ടെടുക്കപ്പെട്ടു. പല മൃതദേഹങ്ങളും തിരിച്ചറിയാൻപാടില്ലാത്തവിധം കരിഞ്ഞുപോയിട്ടുണ്ടു്. താപകവില്ലാതെ രക്ഷാപ്രവർത്തനം നടന്നുവരുന്നു.

കേന്ദ്ര ഖനി തൊഴിൽമന്ത്രി ശ്രീ. കെ. മാളവ്യ ഇന്നലെ അപകടസംഭവസ്ഥലം സന്ദർശിക്കുകയും കൊല്ലപ്പെട്ടവരുടെ ബന്ധുക്കളെ സന്ദർശിച്ച

എന്തുവിലകൊടുത്തും സ്വാതന്ത്ര്യം സംരക്ഷിക്കും

ഇന്ത്യൻ ജനത പാക് ഭീഷണിയെപ്പറ്റി ബോധവാന്മാരാണെന്ന് പ്രതിരോധമന്ത്രി

(പി ടി ഐ) ന്യൂഡൽഹി, മേയ് 29

എന്തു വിലകൊടുത്തും പാകിസ്ഥാൻറെയും ചീനയുടേയും ഭീഷണിയെ നേരിടുന്നതിന് ഓരോ ഇന്ത്യൻ പൌരനും ആവേശംകൊള്ളുകയാണെന്ന് പ്രതിരോധമന്ത്രി വൈ. ബി. ചവാൻ ഇന്നലെ ഇവിടെ വെച്ച് പ്രസ്താവിച്ചിരിക്കുന്നു.

ജവഹർലാൽ നെഹ്രുവിൻറെ മന്നം ചരമവാർഷികദിനം പ്രമാണിച്ച് സംഘടിപ്പിക്കപ്പെട്ട ഒരു യോഗത്തിൽ പ്രസംഗിക്കുകയായിരുന്ന അദ്ദേഹം. മൻ പ്രതിരോധമന്ത്രി വി. കെ. കൃഷ്ണമേനോനും യോഗത്തിൽ പ്രസംഗിച്ചു.

പാകിസ്ഥാനും ചൈനയും ഇന്ത്യയ്ക്കെതിരായി വാളിക്കലാംഭിച്ചിട്ട് കറെക്കാലമായെന്ന് ചവാൻ പറഞ്ഞു. ഇവരുടെ ഭീഷണിയെപ്പറ്റി ഇന്ത്യൻ ജനത തികച്ചും ബോധവാന്മാരാണ്. എന്തുവിലകൊടുത്തും മാതൃരാജ്യത്തിൻറെ സ്വാതന്ത്ര്യവും ഭദ്രതയും നിലനിർത്തുവാൻ അവർ ദൃഢപ്രതിജ്ഞയെടുത്തിരിക്കയാണ്.

സ്വാതന്ത്ര്യസമരത്തിലും അതിനുശേഷം, ഇന്ത്യയുടെ ആഭ്യന്തരവും വൈദേശികവുമായ നയങ്ങൾക്ക രൂപംകൊടുക്കുന്നതിലും നെഹ്റു വഹിച്ച പങ്കിനെ ചവാൻ ദീർഘമായി പരാമർശിച്ചു. ഇന്ത്യ സമാധാനത്തിനുവേണ്ടി നിലകൊള്ളണമെന്ന് നെഹ്റു വ്യക്തമായും ശാസിച്ചു. ചേരിചേരാനയത്തിൻറെ അർത്ഥം അന്താരാഷ്ട്രീയ പ്രശ്നങ്ങളെപ്പറ്റി സ്വന്തം നയങ്ങളും ആവിഷ്കരിക്കാനുള്ള അതിൻറെ അവകാശം മറ്റാർക്കും അടിയറ വെച്ചുകയില്ലെന്നുമാത്രമാണ്. ഐക്യം നിലനിർത്തുക, സാമ്പത്തികാസമത്വം ദൂരീകരിക്കുക ഇവ രണ്ടുമായിരുന്ന നെഹ്റുവിൻറെ ആഭ്യന്തരനയത്തിൻറെ കാതൽ.

നെഹ്റുവിനെപ്പറ്റി പ്രസംഗിക്കുകയോ ഗ്രന്ഥമെഴുതുകയോ നിർവ്വഹിക്കുകയോ അല്ല നമ്മുടെ കർത്തവ്യമെന്ന് കൃഷ്ണമേനോൻ പറഞ്ഞു. നെഹ്റു തുടങ്ങിവെച്ച ജോലി നാം പൂർത്തിയാക്കണം. വിവിധ വിഭാഗക്കാരായ ജനങ്ങളുടെയിടയിൽ കട്ടപിടിച്ചുകിടക്കുന്ന സാമ്പത്തികാസമത്വം തുടച്ചുനീക്കുന്നതോടുകൂടിയേ സ്വാതന്ത്ര്യത്തിനു നെഹ്റു ഒരു വിലയും കല്പിച്ചിരുന്നില്ല.

....

വാടാനപ്പിള്ളി പഞ്ചായത്തിനു് ഒരു മിച്ച ബഡ്ജറു്

വാടാനപ്പിള്ളി, മേ 30

വാടാനപ്പള്ളി പഞ്ചായത്തിൻറെ ഒരു യോഗം പ്രസിഡണ്ടു് പി. ആർ. കുമാരൻറെ അദ്ധ്യക്ഷതയിൽ ചേർന്നു് 1965-'66 വർഷത്തേക്കു് 47,740 രൂ. വരവും 45,700 രൂ. ചിലവും അടങ്ങുന്ന മിച്ച ബജറു് അംഗീകരിച്ചിരിക്കുന്നു. വാടാനപ്പള്ളിനഗരത്തിൽ ഒരു മൃഗപ്പരിപാലനാശുപത്രിയും 7-ാംവാർഡിൽ ഒരു കിണർ കഴിക്കുന്നതിനും ഉള്ള എസ്റ്റിമേറുകൾ അംഗീകരിക്കുകയും ആയതു് ടെൻണ്ടർ കൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

കൂടാതെ ബീച്ചു് റോഡിൻറെ പ്രാരംഭമായി എത്തുവക്കു് പഞ്ചായത്തു് ഫണ്ടിൽനിന്നും ചെയ്യുന്നതിനാവശ്യമായ എസ്റ്റിമേറു് തയ്യാറാക്കി ചാവക്കാടു് അസിസ്റ്റൻറു് എഞ്ചിനീയർക്കു് അയക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ടു്.

ഈ പഞ്ചായത്തിൻറെ നിർദ്ദേശാനുസരണം ഒരു വിത്തുസംഭരണശാല പണിയുന്നതിനാവശ്യമായ 5 സെൻറു് സ്ഥലം വാടാനപ്പള്ളി സർവ്വീസു് സൊസൈറ്റി തുമ്പൂർമ്മുഴിയിൽ സംഘം വകസ്ഥലത്തുനിന്നും സൌജന്യമായി കൊടുക്കുവാൻ തീരുമാനിച്ചതായും അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

—

പന്നിങ്ങു് തൊഴിലാളി സമ്മേളനം

ആലപ്പുഴ മെയ് 29

കട്ടനാട്ടിലെ കായലുകളിലെയും പാടശേഖരങ്ങളിലെയും വെള്ളം വറ്റിക്കൽ ജോലി ചെയ്യുന്ന മോട്ടോർ ഓപ്പറേറ്റർമാരുടെ ശമ്പളനിരക്കുകളെയും സേവന വ്യവസ്ഥകളെയും സംബന്ധിച്ച 28-8-62ൽ കട്ടനാടു് ഐ ആർ. കമ്മറ്റി അംഗീകരിച്ച തീരുമാനം മനസരിച്ച നിലവിലുള്ള ഡ്രൈവർമാർക്കു ലൈസൻസു നല്കണമെന്നുള്ള വ്യവസ്ഥ നാളിതുവരെ കേരളാഇലക്ട്രിസിറ്റി ബോർഡ് നടപ്പാക്കിയിട്ടില്ല. മാത്രമല്ല 1962 ലേ ശമ്പള തീരുമാനത്തിനശേഷം ആലപ്പുഴയിലെ ജീവിതച്ചെലവു സൂചികയിൽ 100 ൽ പരം പോയന്റ് വർദ്ധിച്ചിട്ടുണ്ടു് ജീവിതച്ചെലവിലുണ്ടായിട്ടുള്ള ഈ ഭീമമായ വർദ്ധനവിനനുസൃതമായ ശമ്പള വർദ്ധനവു ടി വിഭാഗം തൊഴിലാളികൾക്കു ലഭിക്കേണ്ടിയിരിക്കുന്നു.

ഈ അടിയന്തിരപ്രശ്നങ്ങൾക്കു അടുത്ത പന്നിങ്ങു് ലേലത്തിനു മുൻപായി ഒരു തീരുമാനമുണ്ടാക്കുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണംചെയ്തു നടപ്പാക്കുന്നതിനായി 1965 മെയ് 31-ാം തീയതി തിങ്കാഴ്ച പകൽ 3 മണിക്കു് ആലപ്പുഴ ഐ. എൻ. ടി. യു. സി. ഹാളിൽവച്ചു് ചേരുന്ന സമ്മേളനത്തിൽ എല്ലാ പന്നിങ്ങു് തൊഴിലാളികളും വന്നു പങ്കെടുക്കുന്നതിനുമെന്നു തീരുമാനിച്ചുകൊള്ളുന്നു. കയർതൊഴിലാളി സംഘം ജന. സെക്രട്ടറി വർഗ്ഗീസ് തുണ്ടിയിൽ പുറപ്പെടുവിച്ച പ്രസ്താവനയിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു

....0....

പെരോളിൽവിട്ടതടങ്കൽ തടവുകാരൻ കാലാവധിക്കുമുമ്പുതന്നെ അറസ്റ്റുചെയ്യപ്പെട്ടു

പി ടി ഐ കോയമ്പത്തൂർ, മേ. 29

2-മാസത്തെ പെരോളിൽവിട്ടിരുന്ന ഇടതുപക്ഷ കമ്യൂണിസ്റ്റുനേതാവായ മി. കേ. ഭാസ്കരമേനോനെ, കാലാവധി അവസാനിക്കുന്നതിനുമുമ്പായി പോലീസ് അറസ്റ്റുചെയ്തിരിക്കുന്നു.

മദിരാശിഗവർമ്മെണ്ടിൻറെ നിർദ്ദേശമനുസരിച്ചാണ് അറസ്റ്റു നടന്നതു്.

—

പത്രാധിപക്കുള്ള കത്തു്

സർക്കാരിൻറെ ഹ്രസ്വകാലവായ്പകളും ദുരിതമനുഭവിക്കുന്ന ചെറുകിട കൃഷിക്കാരും

സർ,

കാർഷിക ഉല്പന്നങ്ങളുടെ വർദ്ധനവിനും പാവപ്പെട്ട കൃഷിക്കാരൻറെ ഉന്നമനത്തിനുംവേണ്ടി ഗവണ്മെണ്ടിൽനിന്നും അനേകലക്ഷം രൂപ ഹ്രസ്വകാലവായ്പാ ഇനങ്ങളിൽ മാറാറിവച്ചിട്ടുണ്ടു്. ഇങ്ങനെയൊക്കെയാണെങ്കിലും കൃഷിയുടെയും കൃഷിക്കാരൻറെയും ഗതി നേരെ കീഴോട്ടാണു്. സദ്ദുദ്ദേശത്തോടുകൂടി ഏർപ്പെടുത്തിയിട്ടുള്ള ഈ വക സഹായധനങ്ങളും [ലോൺ] അതഹ്നിക്കുന്ന സാധാരണ കൃഷിക്കാരിലേക്കു് ഇറങ്ങിവരുന്നില്ലെന്നുള്ളതാണു് ഇതിനു് കാരണം. സാധാരണഗതിയിൽ കരിക്കട്ടി സഹായധനം വാങ്ങിക്കുന്ന സാധാരണക്കാരൻ വീണ്ടും അതിനു് മുതിരുക പതിവില്ല. വിതരണരീതിയിലുള്ള ഉദ്യോഗസ്ഥന്മാരുടെ കെടുകാര്യസ്ഥതയും നിമിത്തമാണിതു് സംഭവിക്കുന്നതു്.

കേരളത്തിലെ കൃഷിക്കാരിൽ, പ്രത്യേകിച്ചു് മലയോരകർഷകരിൽ 90 ശതമാനവും നിർദ്ധനവർഗ്ഗത്തിൽപ്പെട്ടവരാണു്. തികച്ചും സ്വപ്രയത്നം മൂലധനമാക്കി കൃഷി നടത്തുന്നവരാണവർ. പരിപൂർണ്ണമായും സർക്കാർ ഏർപ്പെടുത്തുന്ന ഈ വക സഹായധനങ്ങൾക്കു് അവർ അഹർരും അവകാശികളുമാണു്. സ്വന്തം ചിലവിൽ കൃഷി നടത്തുന്നതിനു് കഴിവില്ലാത്തവനാണല്ലോ സഹായധനത്തിൻറെ ആവശ്യം. അവർ അല്പം അനഭ വിണ്ണാണെങ്കിൽ ഗവണ്മെൻറിൽനിന്നും ചില കാര്യങ്ങൾകൂടി ചെയ്യേണ്ടിയിരിക്കുന്നു.

കൃഷിക്കു് മുമ്പു് വായ്പ നല്കുക

കഴിഞ്ഞകൊല്ലങ്ങളിലെ പതിവനുസരിച്ചു് കപ്പുകം, ഇഞ്ചിക്കൃഷിയുടെ സഹായധനം ആ കൃഷി നടത്തികഴിഞ്ഞതിനുശേഷമാണു് കൊടുത്തിട്ടുള്ളതു്. ഈ വർഷം കൃഷി ഇറക്കുന്ന സമയം കഴിഞ്ഞെങ്കിലും ഇതേവരെ ലോണിനുള്ള അപേക്ഷകരം സ്വീകരിക്കുവാൻപോലും ബന്ധപ്പെട്ട കേന്ദ്രങ്ങൾ തയ്യാറായിട്ടില്ല. ഇഞ്ചി-കപ്പ, മുതലായ കൃഷിക്കു് ചെലവാക്കുന്ന തുകയിൽ 75 ശതമാനവും കൃഷി ഇറക്കുമ്പോൾതന്നെ ചിലവിടേണ്ടിവരും. എങ്ങനെയെങ്കിലും കൃഷി ഇറക്കുവാൻ സാധിച്ചാൽ പാവപ്പെട്ട കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം വിജയമായി. കാരണം പിന്നീടുള്ള പണികാരം പലതവണകളിലായി തിനാൽ സ്വയം ചെയ്യേണ്ടതുകൊണ്ടും പ്രായമുള്ള തുകയിൽ നടത്തിവന്നിരുന്ന സക്സ്സ് കാണാൻവന്നു. അന്നു് രാത്രി ഭയങ്കരമായ ഇടിയും മിന്നലും പേമാരിയും ഉണ്ടായിരുന്നു. സക്സ്സ് കഴിഞ്ഞു് മാതാപിതാക്കളെ പിരിഞ്ഞ ആ കുട്ടി ജനങ്ങൾക്കിടയിൽപ്പെട്ട. ആളെല്ലാം പിരിഞ്ഞതിനുശേഷം ഗേറോടുകൂടിയ പം കരഞ്ഞുകൊണ്ടുനിന്നിരുന്ന ഈ ബാലനെ സക്സ്സ് കമ്പനി ഉടമസ്ഥൻ തൻറെ കൂടാരത്തിൽ കൊണ്ടുചെന്നു് സമാശ്വസിപ്പിച്ചു. അന്നു രാവിലെതന്നെ സക്സ്സ് കമ്പനി ബാങ്കുക്കു് മാറാറപ്പെട്ടപ്പോൾ അവർ ഈ ബാലനേയും കൂട്ടിക്കൊണ്ടുപോയി.

അന്നുമുതൽ ഈ കുട്ടിയെ സക്സ്സ് ഉടമ പിതൃതുല്യമായി വളർത്തിവന്നു. സ്വന്തം പിതാവ് ഈ സക്സ്സ് ഉടമതന്നെയാണെന്നു് വിചാരിച്ചു് കുട്ടിയും വളർന്നവന്നു. അടുത്തകാലത്തു് ഒരു തീപിടിത്തത്തെത്തുടർന്നു സക്സ്സ് കമ്പനി നിശ്ശേഷം നശിച്ചുപോകുകയും ഉടമ ആസ്തിയെ അഭയം പ്രാപിക്കുകയുമുണ്ടായി. ആസ്തിയിൽ വെച്ച ഒരു ദിവസം വൃത്തപുത്രനെ അടുത്തുവിളിച്ചിരുത്തി തൻറെ സമ്പാദ്യത്തിൽ അ വ ശേ ഷി ച്ച ഒരു സംഖ്യ ആ യുവാവിനെ ഏൽപ്പിച്ചിട്ടു പതിനാലു് വർഷങ്ങൾക്കുമുൻപ് ഉണ്ടായ സംഭവങ്ങൾ വിവരിക്കുകയും ചെയ്തു.

ഈ സംഭവവിവരണം കേട്ട് വികാരാധീനനായ യുവാവ് വളർത്തച്ഛൻറെ കൽക്കൽ നമസ്കരിച്ച അനുവാദവും വാങ്ങി കണ്ണീരുമായി പോരികയാണുണ്ടായതു്. ഇവിടെ എത്തിയതുമുതൽ തൻറെ മാതാപിതാക്കളെ കണ്ടുപിടിക്കാനുള്ള തീവ്രശ്രമത്തിലേർപ്പെട്ടിരിക്കയാണ് ഈ യുവാവ്. അവരെ കണ്ടുകിട്ടുമോ ആവോ?

....

WANTED twelve fully qualified hands within the prescribed age limit for appointment in School under the management of Irshadul Muslimeen Sangham Registered as U. P. S As and L. P. S As. one Drill teacher (F T) one Hindi teacher (P T.) one Music (P. T.) in the scale of Rs. 40/-120/- and Rs 30/- 60/- respectively in the temporary vacancies likely to be permanent. Retired qualified teachers below 59 years may also apply Apply within ten days by registered post to the Manager with the copies to the A. E. O. Cranganore.

Manager,
I M U. P. School
Azhicode
Cranganor.

—

WANTED 3 fully qualified hands within prescribed age limits for appointment under the management of Doctor Palppu Memmorial U. P. School Chakkamparamba, Kuruvilassery P. O. Apply within 10 days by registered Post to the manager with a copy to the A. E O Mala.

—

Printed and Published by Paul Valappila for the A. C. P Institut at the Thozhilali press Trichur.

164 ചാക്ക് മറിപ്പൻ അരി പിടിച്ചു

പാലക്കാട് കരിഞ്ചന്തക്കാരുടെ കൂത്താട്ടം

പാലക്കാടു് മെയ് 29

കഴിഞ്ഞദിവസം പാലക്കാടും പരിസരപ്രദേശങ്ങളിലുംനിന്നു് ഉദ്ദേശം 10000 രൂപയുടെ അരി സിവിൽ സപ്ലൈസ്ഉദ്യോഗസ്ഥന്മാർ പിടിച്ചെടുത്തതായി റിപ്പോർട്ടുചെയ്യപ്പെടുന്നു.

പത്തായങ്ങളിൽ പുഴുത്തിവെച്ചിട്ടുള്ള ധാരാളം അരി മറിച്ചുകടത്തുന്നതായി റിപ്പോർട്ടുകളുണ്ടു്. എലപ്പുള്ളിക്കടുത്തുള്ള പാറയിൽവെച്ചു് കഴിഞ്ഞദിവസം 164 ചാക്കു് അരി സിവിൽ സപ്ലൈസ് സർക്കിൾ ഇൻസ്പെക്ടർ കെ. രാമചന്ദ്രമേനോനും സബ്ബ് ഇൻസ്പെക്ടർ ജി. പൈക്കനും കൂടി പിടിച്ചെടുക്കുകയുണ്ടായി. രണ്ടു ലോറികളിലായിരുന്നു ഈ അരി മറിച്ചുകടത്തിയിരുന്നതു്. കെ. എൽ. ഡി 2747ം നമ്പർ ലോറിയിൽനിന്നു് 99 ചാക്കു് അരിയും കെ. എൽ. പി. 2355ംനമ്പർ ലോറിയിൽനിന്നു് 65 ചാക്കു് അരിയും വീതമാണു് ഇങ്ങനെ പിടിച്ചെടുത്തതു്.

ഡ്രൈവർമാരായ ടി വി. മൊയ്തു, എം. മൊയ്തു എന്നിവരേയും ക്ലീനർമാരായ വി. മുഹമ്മദ്, എം, മൊയ്തീൻ എന്നിവരേയും അറസ്റ്റുചെയ്തിട്ടുണ്ടു്.

ലോറിയും അരിയും കസ്റ്റംഹൌസ് പോലീസിൽ ഏല്പിച്ചിരിക്കുന്നു. മണ്ണൂർക്കുന്നുകാരൻ ഒരു മുഹമ്മദാണു് അരിയുടെ ഉടസ്ഥനെന്നറിയുന്നു. അയാളെ പിടികിട്ടിയിട്ടില്ല. അയാളുടെ പേരിലും പോലീസ് കേസ് ചാർജ്ചെയ്തിട്ടുണ്ടു്. ഒരു മിൽ ഉടസ്ഥനായ സൈനുമുഹിയദ്ദീൻ റാവുത്തരിൽനിന്നാണെത്രെ പ്രസ്തുത അരി വാങ്ങിയിട്ടുള്ളതെന്നു പറയപ്പെടുന്നു.

48 ചാക്ക് കൂടി

പാലക്കാടു് ജില്ലയിൽനിന്നു വിവിധസ്ഥലങ്ങളിലേക്കു് പല മാർഗ്ഗങ്ങളിൽകൂടിയും അരി കടത്തികൊണ്ടുപോകുന്നതു് നിയന്ത്രണാധീനമായിരിക്കുന്നു. പത്തിരിപാലയിൽവെച്ചു് കെ. എൽ. ഇ 672 ലോറിയിൽനിന്നു് 48 ചാക്കു് അരി സിവിൽസപ്ലേയിസ് സബ്ബ് ഇൻസ്പെക്ടർ ജി. വൈക്കൻ പിടിച്ചെടുത്തിട്ടുണ്ടു്. ഡ്രൈവർ വി. എം. കുഞ്ഞുമുഹമ്മദ് ക്ലീനർ അബ്രാഹം അരിഉടമമാരായ കെ എം. ജോസഫു്, റവറി. കെ. മൈക്കൾ റവറി, എ. സുലൈമാൻ തുടങ്ങിയവരെ അറസ്റ്റുചെയ്തു മങ്കട പോലീസ് സ്റ്റേഷനിൽ ഏല്പിച്ചിരിക്കുന്നു.

മണ്ണെണ്ണ കരിഞ്ചന്തക്കാരനെ പിടിച്ചു

പാലക്കാടു് മണ്ണെണ്ണ കരിഞ്ചന്തയിൽ വിറ്റതിനു് പാലക്കാട്ടെ രണ്ടു കായിൽ വ്യാപാരികളെ ടൌൺ സബ്ഇൻസ്പക്ടർ സി. മാധവൻ ഇക്കഴിഞ്ഞദിവസം അറസ്റ്റുചെയ്തിരിക്കുന്നു. 15 രൂപക്കു് മണ്ണെണ്ണ വില്പനയ്ക്കുണ്ടെന്നപോലും ഇവരെ പിടികൂടിയതു്.

....

ഇതേവരെ നടന്ന സാംവത്സരിക സമ്മേളനങ്ങൾ

1	ഇടപ്പള്ളി	1927 ഏപ്രിൽ 24-26
2	തൃശ്ശിവപേരൂർ	1927 ഡിസംബർ 30_31
3	കോട്ടയ്ക്കൽ	1928 ഡിസംബർ 29_30
4	തിരുവനന്തപുരം	1929 ഡിസംബർ 28-30
5	കൊല്ലം	1930 ഡിസംബർ 29_31
6	എറണാകുളം	1931 ഡിസംബർ 28_30
7	കോഴിക്കോടു്	1933 ഏപ്രിൽ 22_24
8	നിലമ്പൂരു്	1934 ഏപ്രിൽ 28_29
9	തലശ്ശേരി	1935 മേയ് 11_12
10	തൃശ്ശിവപേരൂർ	1936 ഏപ്രിൽ 30, മേയ് 1
11	തിരുവനന്തപുരം	1936 ഡിസംബർ 28_30
12	കോട്ടയം	1938 ഏപ്രിൽ 27-29
13	ഇടപ്പള്ളി	1939 ആഗസ്റ്റു് 16_18
14	പാലക്കാടു്	1940 ഡിസംബർ 28_30
15	പറവൂർ	1943 മേയ് 4_5
16	എറണാകുളം	1944 മേയ് 13_15
17	ചങ്ങനാശ്ശേരി	1946 മേയ് 16_17
18	കോഴിക്കോടു്	1947 മേയ് 17_18
19	കണ്ണൂർ	1948 ഏപ്രിൽ 23_25
20	നീലേശ്വരം	1949 ഏപ്രിൽ 23_25
21	എറണാകുളം	1951 ഒക്ടോബർ 10_13
22	ഒറ്റപ്പാലം	1952 ഡിസംബർ 26_28
23	വടകര	1954 മേയ് 27_29
24	തിരുവനന്തപുരം	1954 ഡിസംബർ 24_28
25	എറണാകുളം(ജൂബിലി)	1956 മേയ് 13_18
26	കോട്ടയം	1957 ഒക്ടോബർ 3_7
27	മദ്രാസ്	1958 നവംബർ 21_24
28	തിരുവനന്തപുരം	1963 സെ: 29, ഒക്ടോ: 1_3
29	ഇരിങ്ങാലക്കുട	1965 മേയ് 28_30

1942 [1117], 1945 [1120], 1950 [1125], 1951 [1126] 1959 [1135], 1960 [1136], 1961 [1137], 1962 [1138], 1964 ഈ കൊല്ലങ്ങളിൽ സമ്മേളനം നടക്കുകയുണ്ടായില്ല.

ഭിന്നതകൾ വെടിഞ്ഞു് ഒറ്റക്കെട്ടായിചെറുക്കും

തൃശ്ശൂർ, മേ. 29

പൌരസ്ത്യസഭാസംരക്ഷണസമിതിയുടെ ഒരു പൊതുയോഗം ഇന്നലെ അഡ്മിനിസ്ട്രേറ്റർ ബ. ചാക്കോള അദ്ധ്യക്ഷതയിൽ സമിതി ആഫീസ്സിൽവച്ചു് കൂടുകയുണ്ടായി.

സ്വതന്ത്രഭാരതത്തിൻറെ ശില്പിയും മഹാത്മാമായ പണ്ഡിറു് ജവഹർലാൽ നെഹറുവിൻറെ ഒന്നാംചരമദിനം ആചരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ ഭാരതഭൂമിയെ ആക്രമിച്ചു് കീഴ്പ്പെടുത്തുവാൻ വന്നതായ ശത്രുതയെ ചെറുത്തു തോല്പിക്കുവാനും രാഷ്ട്രത്തെ ശക്തിപ്പെടുത്തുവാനും എല്ലാ അഭിപ്രായഭിന്നതകളും വെടിഞ്ഞു് ഒറ്റക്കെട്ടായി നിന്നുകൊണ്ടു് നാം നേടിയെടുത്ത സ്വാതന്ത്ര്യത്തെ നിലനിർത്തുവിനും യോഗം ഒരു പ്രമേയമാരാ പ്രതിജ്ഞ ചെയ്തു. പരിശുദ്ധ പാത്രയർക്കീസ് ബാവാ തിരുമനസ്സിലെ ഇക്കൊല്ലത്തെ പട്ടാഭിഷേകദിനം കൊണ്ടാടുന്നതു് അടുത്തു് വരുന്ന അല്പീസ്സോല്പായുടെ സന്നിധ്യത്തിൽവച്ചു് ആഘോഷിക്കുമെന്നു് യോഗം അഭിപ്രായപ്പെട്ടു.

കാൻഡിയൻ സീറിയൻ ഫൈസ്സുറ്റോ ഹൈസ്കൂൾ മാസ്റ്റർ ശ്രീ പോൾ തോമസ് അവർകൾക്കും കേരള സർക്കാർ നൽകിയിരിക്കുന്ന സ്റ്റേയിറർ അവാർഡിൽ യോഗം അദ്ദേഹത്തെ അനുമോദിച്ചു.

....

അഗ്രോണമിക് റിസർച്ചു് സ്റ്റേഷൻ സന്ദർശിച്ചു

ഷാലക്കുടി, മെ, 29

ഘാനയിലെ ഫുഡ് ആൻറ് അഗ്രിക്കൾച്ചറൽ മിനിസ്ട്രിയിലെ ഇറിഗേഷൻ ആൻറ് വാട്ടർ മാനേജ്മെൻറ് സ്പെഷ്യലിസ്റ്റു്, എഫ്. എ. ക. മെമ്പറുമായ ശ്രീ. പാപാഫിയോ ഇവിടെ അടുത്തു് എലിത്തിപ്പയിലുള്ള അഗ്രോണമിക് റിസർച്ചു് സ്റ്റേഷൻ സന്ദർശിച്ചു് സംതൃപ്തി പ്രകടിപ്പിച്ചിരിക്കുന്നു. റിസർച്ചു് അസിസ്റ്റൻറ് ശ്രീ ശേഷാദ്രിനാഥനെൽകൃഷിയിൽ നടത്തിക്കൊണ്ടിരിക്കുന്നതായ ഇറിഗേഷൻഗവേഷണങ്ങളും അദ്ദേഹത്തിനു് വിശദീകരിച്ചുകൊടുക്കുകയുണ്ടായി.

ഈ ഗവേഷണകേന്ദ്രത്തിലെ മറ്റു് വിഭാഗങ്ങളിലെ ഗവേഷണ പ്രവർത്തനങ്ങളും മനസിലാക്കിയ ശേഷം അദ്ദേഹം ബാഗ്ലൂർക്കുപോയി.

(സ പ ലേ)

ഫാ. ജോർജ്ജ് കണ്ണാത്തിനു് യാത്രയയപ്പു്

ക്ലക്ഞ്ചേരി മെയ് 80

നിർമ്മലപുരം (ക്ലക്ഞ്ചേരി) ഇടവക വികാരി റവ. ഫാദർ ജോർജ്ജു് കണ്ണാത്തിനു ഇടവകയിലെ ജനങ്ങളുടെ ആഭിമുഖ്യമായ യാത്രയയപ്പു നൽകിയിരിക്കുന്നു. ഇതോടനുബന്ധിച്ചു് ചേർന്ന യോഗത്തിൽ ജാതിമതഭേദമെന്യേ ഈ പ്രദേശത്തെ ജനങ്ങൾ തടിച്ചുകൂടുകയുണ്ടായി. ബഹു. കണ്ണാത്തച്ചനെക്കുറിച്ചു് വ്യക്തിമാഹാത്മ്യത്തേയും സേവനസന്നദ്ധതയേയും പുരസ്കരിച്ചു് ആന്റണി ചിറയ്ക്കൽ രനും അച്യുതൻമാസ്റ്റർ പ്രസംഗിച്ചു. അനന്തരമുണ്ടായ പ്രസംഗത്തിൽ കണ്ണാത്തച്ചൻ സമുചിതമായി മറുപടി പറഞ്ഞു. അതിനുശേഷം അനേകം കാരകളുടേയും ജനങ്ങളുടേയും അകമ്പടിയോടുകൂടി പുതിയ ഇടവകയായ മുപ്ലിയം പള്ളിലേക്കു അദ്ദേഹം ആനയിക്കപ്പെട്ടു.

മണ്ണത്തി മെയ് 25

മുക്കാട്ടുകരപള്ളി വികാരിയായിരുന്ന റവ. ഫാ. ജയിംസ് ഇളമന്നപ്പുഴ വലപ്പാട്ടു് പള്ളിയിലേക്കു് സ്ഥലം മാറിപ്പോകുന്നതു പ്രമാണിച്ചു് അദ്ദേഹത്തിനു് സമുചിതമായ ഒരു യാത്രയയപ്പു് നൽകിയിരിക്കുന്നു. സ്ഥലത്തെ ബോയ് സ്കോട്സ് ക്ലബ്ബിൻറെ വക ഗ്രൂപ്പ് ഫോട്ടോ എടുക്കലും ഇടവകക്കാരുടേയും മറവ ഭക്തസംഘടനകളുടേയുംവക മംഗളപത്രം സമർപ്പണവുംനടത്തുകയുണ്ടായി. യാത്രയയപ്പു് യോഗത്തിൽ എ. വി. അന്തോണി പ്രസംഗിച്ചു. കൂടാതെ മണ്ണത്തിയിലെ ക്ഷേത്രസംഘടനകളുടെ വക ഗ്രൂപ്പ് ഫോട്ടോ എടുക്കലും ഉണ്ടായിരുന്നു. തുടർന്നു് വളരെയധികം കാരകളും ഭക്തജനങ്ങളും അകമ്പടി സേവിച്ചു് അദ്ദേഹത്തെ അതിഗംഭീരമായി യാത്രയയച്ചു.

....

ചെങ്ങന്നൂർ ലാൻഡ് ട്രിബ്യൂണൽ

[സ.പ. ലേ] ചെങ്ങന്നൂർ. മെ. 29

ചെങ്ങന്നൂർ ലാൻഡ് ട്രിബ്യൂണൽ ശ്രീ. ക്രിസണോസ് ഫെർണാണ്ടസ് 1, 2, 3, 4, 5, 7, 14, 21, 22 എന്നീ തീയതികളിൽ അദ്ദേഹത്തിൻറെ ഓഫീസിൽവച്ചും 8, 9, 10, 11, 23, 24, 25, 26 എന്നീ തീയതികളിൽ തിരുവല്ലാ ബാർ അസോസിയേഷൻ ഹാളിൽവച്ചും 15, 16, 17, 13, 19, 28, 29, 30 എന്നീ തീയതികളിൽ മാവേലിക്കര പി. ഡബ്ളിയു ഡി. ക്യാമ്പു് ഷെഡിൽവച്ചും, കേസുകൾ വിചാരണചെയ്യുന്നതാണു്.

—

സാഹിത്യപരിഷത് വാർഷികം

വിദേശീയവ്യാപാരം കേരളത്തിൽ ബഹുമുഖസംസ്കാരത്തിനു് ഇടയാക്കി

ചരിത്ര-ഗവേഷണ സമ്മേളനം

(സ്വന്തംപ്രതിനിധി) ഉണ്ണായിനഗർ, ഇരിങ്ങാലക്കുട മെയ് 30

വിദേശ രാജ്യങ്ങളുമായി കേരളം വ്യത്യസ്ത വ്യാപാരങ്ങളിൽ ഇടപെട്ടതിൻറെ ഫലമായി വിഭിന്ന സംസ്കാരങ്ങളോടു് ഇഴുകിച്ചേരുവാൻ നമുക്കവസരം ലഭിച്ചതുമൂലം കേരളത്തിലിന്നുകാണുന്ന ബഹുമുഖ സംസ്കാരത്തിനു് മാർഗ്ഗം രചിക്കപ്പെട്ടുകയുണ്ടായെന്നു് സമസ്തകേരള സാഹിത്യപരിഷത് വാർഷികത്തോടനുബന്ധിച്ചു നടന്ന ചരിത്ര-ഗവേഷണ സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് എ. ശ്രീധരമേനോൻ അഭിപ്രായപ്പെട്ടുകയുണ്ടായി.

ശ്രീധരമേനോൻ തുടർന്നു:

മറൊരിടത്തും കാണാനുമുപോലെ കേരളത്തിലും ചരിത്രത്തിനും സാഹിത്യത്തിനും ഉറ്റബന്ധമുണ്ടു്. സാഹിത്യത്തിൽ താല്പര്യമുള്ള പണ്ഡിതന്മാർ ചരിത്രപഠനത്തിൻറെയും ഗവേഷണത്തിൻറെയും കാര്യത്തിൽ തല്പരരായി കാണുന്നതു് സ്വാഭാവികം മാത്രമാണു്. യഥാർത്ഥത്തിൽ നമ്മുടെ നാട്ടിൽ ചരിത്രവിദ്യാർത്ഥികളല്ല, മലയാളഭാഷയും സാഹിത്യവും പഠിക്കുന്നവരാണു് കേരളചരിത്രാഭ്യസനം നടത്തുന്നതു്.

പോർട്ടുഗീസുകാരുടെ ആഗമനത്തിനു മുള്ള കേരളത്തിൻറെ ചരിത്രം അടുത്തകാലംവരെയ്ക്കും അജ്ഞാതമായിരുന്നു. പ്രാചീനമദ്ധ്യകാലങ്ങളിലെ കേരളചരിത്രമെന്ന വിശ്വാസിക്കപ്പെട്ടിരുന്നതും എഴുതിപ്പോന്നതുമായ കാര്യങ്ങളെല്ലാം പൊന്നുമക്കന്മാരെന്നു പറയുന്നവരെക്കുറിച്ചുള്ള ഐതിഹ്യങ്ങളും കേട്ടുകേൾവികളും വിശ്വാസങ്ങളും മാത്രമാണു്. അവയ്ക്കു യാതൊരടിസ്ഥാനവുമില്ല.

ഗവേഷണം നടത്തിയ ചരിത്രപണ്ഡിതന്മാർ പ്രാചീനകേരളചരിത്രനിർമ്മാണത്തിനു ആധാരമായി സ്വീകരിച്ചതു കേരളോല്പത്തികളും, കേരളമാഹാത്മ്യവുമായിരുന്നുവെന്നും അതെല്ലാം 18, 19-ാം നൂറാണ്ടുകളിലായുണ്ടാക്കുണ്ടു് വിശ്വസനീയങ്ങളല്ലായെന്നും അദ്ദേഹം പറഞ്ഞു.

കേരളചരിത്രപഠനത്തിൽ അനേകം മുഖ്യവ്യക്തികളും തങ്ങളുടെ സംഭാവനകളും നൽകിയിട്ടുണ്ടെന്നും അങ്ങനെ ത്തിൽ എണ്ണപ്പെടേണ്ടവരാണു് കെ